വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകന്മാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള പരമാധികാരം ഗവണ്മെണ്ടിനാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) രണ്ടുപേരെ അതിനു മുമ്പ് അവിടെ ജോലി നോക്കിയിരുന്ന ചിലരുടെ സീനിയറായി നിയമിച്ചിട്ടുണ്ട്.

(ഡി) ടി അദ്ധ്യാപകന്മാരുടെ ശമ്പളം അടിസ്ഥാനപ്പെടുത്തിയാണ് സീനിയോറിറ്റി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) ശ്രീ. ചുമ്മാരിനു് പെൻഷൻ നല്കുവാൻ അനുവാദം കൊടുത്തതു് കൃാബിനറാണ്. ശ്രീ. ചുമ്മാരിനു് അവകാശത്തിൽ കവിഞ്ഞ സൌജന്യങ്ങൾ അനുവദിച്ചിട്ടില്ല.

വെമ്പനാട്ട കായലിൽ അണ

*൧൩൨. (൧൧൨) ശ്രീ. കെ. ശാർങ്ങധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) കുട്ടനാട്ടിലെ നെൽപ്പാടങ്ങളെ ഓരു വെള്ളത്തിൽനിന്നു രക്ഷിക്കുന്നതിനും മറ്റുമായി വേമ്പനാട്ട കായലിനു അണകെട്ടുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു എത്ര ചെലവു വരുമെന്നും പണി എപ്പോൾ തുടങ്ങി, എപ്പോൾ അവസാനിപ്പിക്കാമെന്നു പ്രതീക്ഷിക്കുന്നുവെന്നും പറയുമോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) കുട്ടനാട്ടിലെ നെൽപ്പാടങ്ങളെ ഓരു വെള്ളത്തിൽനിന്നു രക്ഷിക്കുന്നതിനു് പ്രയോജനപ്പെടുന്ന വേമ്പനാട്ട കായൽ പദ്ധതിയെക്കുറിച്ചു് ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതി സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ ഫൈനൽ ൧൯൫൦ ജൂലൈ മാസത്തിൽ ആരംഭിച്ചു. രണ്ടുകൊല്ലത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണമെന്നാണ് ഗവണ്മെണ്ടിന്റെ ഉദ്ദേശം. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായതിനുശേഷമേ ചെലവു എത്രയാകുമെന്നു പറയാൻ നിവർത്തിയുള്ളൂ. ഏകദേശം ൭൫ ലക്ഷം രൂപാ ചെലവു വരുമെന്നാണ് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നതു്.

FOREST DEPARTMENT

*131. [46] **Sri. T. P. Sitaraman:** Will the Hon'ble Minister for Forests be pleased to state,—

(a) what are the qualifications required for watchers, guards, foresters and rangers;

(b) what were their's before integration;

(c) according to the present Forest Reorganisation Scheme is it true that the Cochin Officers in the Forest Department are hit hard?

Minister for Education, Labour and Civil Supplies
(Sri. Panampilli Govinda Menon :)

(a) Pending the integration of the personnel and implementation of Reorganisation proposal, the qualifications prescribed for the different posts in the two States before the integration, have not been modified and those are now in vogue. Recruitments to the several posts are made only on the advice of the Public Service Commission.

(b) I. Cochin:—

WATCHERS—No qualification prescribed.

LIBRARY ARCHIVES Kerala Legislative Assembly